# Malayala Manorama
# 29 August 2018
# Kakkanad, After Flood, Flood Victims, Daily Necessities Kits

# തയാറാകുന്നു, 1.10 ലക്ഷം കിറ്റുകൾ

■ തൃക്കാക്കര കമ്യൂണിറ്റി ഹാൾ നിറഞ്ഞു ■ കെബിപിഎസ് ഹാളിലും സംഭരിച്ചു തുടങ്ങി

കാക്കനാട് ● ശനിയാഴ്ചയ്ക്കകം 1,10,000 നിത്യോപയോഗ സാധന കിറ്റുകൾ പ്രളയബാധിതർക്കായി തയാറാക്കാൻ ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം.

ജില്ലാതല സംഭരണ കേന്ദ്രമായ തൃക്കാക്കര കമ്യൂണിറ്റി ഹാളിൽ എണ്ണൂറോളം സന്നദ്ധ പ്രവർത്തകരാണ് ഇതിനായി രാത്രിയും പകലും ജോലി ചെയ്യുന്നത്. സർക്കാർ ജീവനക്കാരും രംഗത്തുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ അവശ്യ വസ്തുക്കളാണ് ഇവിടെ സംഭരിച്ചിരിക്കുന്നത്. കമ്യൂണിറ്റി ഹാൾ നിറഞ്ഞു കവിഞ്ഞതോടെ സമീപത്തെ കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി (കെബിപിഎസ്) ഗോഡൗണിലും സാധനങ്ങൾ ശേഖരിച്ചു തുടങ്ങി.

നിത്യോപയോഗ സാധനങ്ങൾക്കു പുറമേ വസ്ത്രവും മരുന്നും ഉൾപ്പെടെയുള്ള സാമഗ്രികളും സ്റ്റോക്കുണ്ട്.

അതതു കലക്ടർമാരുടെ ആവശ്യം അനുസരിച്ചാണു മറ്റു ജില്ലകളിലേക്കു സാധനങ്ങൾ നൽകുന്നതെന്നു കലക്ടർ മുഹമ്മദ് സഫിറുല്ല പറഞ്ഞു. സംസ്ഥാന തലത്തിൽ വിതരണത്തിനുള്ള നിത്യോപയോഗ സാധനങ്ങളും കൊച്ചിയിൽ സ്വീകരിക്കുന്നതിനാലാണു ഇതര ജില്ലകളിലേക്കു കയറ്റി അയയ്ക്കാൻ ഇവിടെ പ്രത്യേക സൗകര്യം ഒരുക്കിയിട്ടുള്ളത്.



കേടു വരാത്ത സാധനങ്ങളാണു കൂടുതലും ലഭിക്കുന്നതെന്നതിനാൽ നശിച്ചു പോകുമെന്ന ആശങ്ക കുറവാണ്. പച്ചക്കറി ഉൾപ്പെടെയുള്ള സാധനങ്ങൾ അന്നന്നു വിതരണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്.

## സന്നദ്ധ സേവകരെ ആവശ്യമുണ്ട്

പ്രളയദുരിതബാധിതർക്കുള്ള കിറ്റുകൾ തയാറാക്കാൻ വോളന്റിയേഴ്സിനെ ആവശ്യമുണ്ട്. കാക്കനാട് നഗരസഭ കമ്യൂണിറ്റി ഹാളിൽ കിറ്റുകൾ തയാറാക്കിയാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്യുന്നത്. സ്കൂളുകളും കോളജുകളും തുറക്കുന്ന സാഹചര്യത്തിൽ മറ്റു രംഗങ്ങളിൽ നിന്നുള്ളവർ കിറ്റുകൾ പാക്ക് ചെയ്യുന്നതിന് വോളന്റിയർമാരായി മുന്നോട്ടു വരണമെന്നു കലക്ടർ അഭ്യർഥിച്ചു. രാവിലെ ഒൻപതു മുതൽ ഉച്ചയ്ക്ക് മൂന്നു വരെയും മൂന്നു മുതൽ രാത്രി എട്ടു വരെയും രണ്ട് ഷിഫ്റ്റുകളിലായാണ് കിറ്റുകൾ തയാറാക്കുന്നത്. സന്നദ്ധതയുള്ളവർ കാക്കനാട് ജംക്ഷനിലെ നഗരസഭാ കമ്യൂണിറ്റി ഹാളിൽ എത്തണം. രാവിലെ 8 മണി മുതൽ വോളന്റിയർമാരായി പേര് റജിസ്റ്റർ ചെയ്യാം. ഫോൺ 9446092092, 7902200300.

### ട്രെയിൻ വഴി എത്തുന്നവ ഉടൻ ഏറ്റെടുക്കും

കാക്കനാട് ● ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിവിധ സംസ്ഥാനങ്ങളിൽ നിന്നു ട്രെയിൻ വഴിയെത്തുന്ന സാമഗ്രികൾ റെയിൽവേ സ്റ്റേഷനുകളിൽ നിന്ന് അപ്പപ്പോൾ ഏറ്റെടുത്തു വിതരണം ചെയ്യാൻ സബ് കലക്ടർ എസ്. ചന്ദ്രശേഖരനെ ചുമതലപ്പെടുത്തി. വിജിലൻസ് ഡപ്യൂട്ടി കലക്ടർ എബ്രഹാം ഫിറ്റ്സ് ജെറാൾഡിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘത്തെയും ഇതിനായി നിയോഗിച്ചു.